കുടുംബശ്രീ ജില്ലാ മിഷൻ

ഇടുക്കി

# കോവിഡ് -19 കാലത്തെ കുടുംബശ്രീ പ്രവർത്തനങ്ങൾ

കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി

ഏലപ്പാറ

## കോവിഡ് - 19 പ്രവർത്തനങ്ങൾ

## ഏലപ്പാറ സിഡിഎസ്

### ആമുഖം

ലോകത്തെയാകെ ആശങ്കയിൽ നിർത്തി കൊറോണ വൈറസ് വ്യാപനം തുടരുകയാണ്. നാളിതുവരെ ലക്ഷകണക്കിന് മനുഷ്യ ജീവൻ ലോകമാകെ നഷ്ടപ്പെട്ടിരിക്കുകയാണ്. ഇനിയും ഈ മഹാമാരിയെ പ്രതിരോധിക്കാൻ ഫലപ്രാപ്തിയുള്ള മരുന്നുകളോ വാക്സിനുകളോ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നത് ഗൗരവതരമാണ്. ഈ അവസരത്തിലാണ് ഇന്ത്യയിൽ ആദ്യമായി കൊറോണ കേരളത്തിൽ റിപ്പോർട്ട് ചെയ്യുന്നത്. തുടർന്നങ്ങോട്ട് കേരള ഗവൺമെന്റ് സമാനകളില്ലാത്ത പ്രതിരോധ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തത്. സാമൂഹിക അകലവും വ്യക്തി ശുചിത്വവും പാലിച്ച് കൊണ്ടായിരുന്നു എല്ലാ പ്രവർത്തനങ്ങളും നടത്തുന്നത്. ഈ കാലയളവിൽ കേരള ഗവൺമെന്റിനോടും ഏലപ്പാറ ഗ്രാമ പഞ്ചായത്തിനോടും ചേർന്ന് നിന്ന് കൊണ്ട് വളരെ സ്തുത്യർഹമായ സേവനമാണ് ഏലപ്പാറ സിഡിഎസ് നടത്തിയത്.

### ഏലപ്പാറ സിഡിഎസ്

ഇടുക്കി ജില്ലയിലെ അഴുത ബ്ലോക്കിലെ ആറ് പഞ്ചായത്തുകളിൽ ഒന്നാണ് ഏലപ്പാറ ഗ്രാമപഞ്ചായത്ത്. ഏകദേശം 27000 ത്തോളം ജനസംഖ്യ ഉള്ളതിൽ 60 ശതമാനവും തോട്ടം തൊഴിലാളികൾ ആണ്.ഈ പഞ്ചായത്തിലെ 17 വാർഡുകളിൽ ആയി 17 ADSകളും 198 അയൽക്കൂട്ടങ്ങളുമാണ് ഉള്ളത്. എല്ലാ അയൽകൂട്ടങ്ങളിലുമായി 2970ത്തോളം അംഗങ്ങൾ പ്രവർത്തിക്കുന്നു. മികച്ച രീതിയിൽ ഈ സംഘടന സംവിധാനത്തെ സിഡിഎസ് ചെയർപേഴ്സൺ ശ്രീമതി റഷീദ റഷീദും മറ്റ് സിഡിസ് ഭരണ സമിതി അംഗങ്ങളും ചേർന്ന് നയിക്കുന്നു. Covid 19 സമയത്ത് കുടുംബശ്രീയുടെ സംഘടന സംവിധാനത്തെ ഫലപ്രദമായി വിനിയോഗിച്ച് ഈ മഹാമാരിയെ പ്രതിരോധിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏലപ്പാറ സിഡിഎസ് സജീവമായിരുന്നു

.

**കമ്മ്യൂണിറ്റി കിച്ചെൻ**

കേരളത്തിൽ ലോക് ഡൗൺ പ്രഖ്യാപിച്ചപ്പോൾ നേരിട്ട വലിയ വെല്ലുവിളി ആയിരുന്നു സമൂഹത്തിലെ അവശ വിഭാഗങ്ങൾക്ക് ഭക്ഷണം ലഭ്യമാക്കുക എന്നത്. അതിനായി സംസ്ഥാന സർക്കർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സമൂഹ അടുക്കള (കമ്മ്യൂണിറ്റി കിച്ചെൺ) ആരംഭിക്കണം എന്ന് നിർദ്ദേശിച്ചിരുന്നു. ജനകീയ ഹോട്ടലിന്റെ പ്രവർത്തനങ്ങൾ തുടങ്ങാൻ ഉള്ള തയ്യാറെടുപ്പുകൾ നടന്നു കൊണ്ടിരിക്കുമ്പോൾ ആയിരുന്നു ഈ നിർദ്ദേശം വന്നത്. 26/3/2020 ന് തന്നെ ഏലപ്പാറ ഗവൺമെന്റ് ഹൈസ്കൂളിലും വാഗമൺ ഗവൺമെന്റ് സ്കൂളിലും ഗ്രാമപഞ്ചായത്ത് സമൂഹ അടുക്കള തയ്യാറാക്കുകയും സിഡിഎസ്നെ പ്രവർത്തന ചുമതല ഏൽപിക്കുകയും ചെയ്തു. പഞ്ചായത്ത് നൽകിയ ലിസ്റ്റ് അനുസരിച്ച് ഓരോ ദിവസവും ശരാശരി 110 ആളുകൾക്ക് ഭക്ഷണം തയ്യാറാക്കി പാർസൽ ആയി ആളുകളുടെ വീടുകളിൽ എത്തിച്ചു നൽകിയ ഈ സേവനം വിലമതിക്കാനാവാത്തതാണ്. കൂടാതെ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർ, ആരോഗ്യ പ്രവർത്തകർ എന്നിവർക്കും അതിഥി തൊഴിലാളികൾക്കും സമൂഹ അടുക്കളയുടെ സേവനം ലഭ്യമായിരുന്നു. ഈ പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുകയും ചെയ്യുന്നു. സിഡിഎസ് ചെയർപേഴ്സണും മറ്റ് പത്ത് കുടുംബശ്രീ അംഗങ്ങളും ചേർന്നായിരുന്നു സമൂഹ അടുക്കളയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.








**വാട്സ് ആപ് ഗ്രൂപ്പുകൾ.**

രാജ്യം ഒരു വലിയ പ്രതിസന്ധി നേരിടുമ്പോൾ ഏറ്റവും പ്രധാനം കൃത്യമായ വിവരങ്ങളും നിർദ്ദേശങ്ങളും ഏറ്റവും വേഗം ജനങ്ങളിൽ എത്തിക്കുക എന്നതാണ്. ഔദ്യോഗികമായ അറിയിപ്പുകൾ, നിർദ്ദേശങ്ങൾ, മുന്നറിയിപ്പുകൾ എന്നിവ താഴെ തട്ടിലുള്ള ആളുകളിൽ എത്തിക്കുവാൻ വേണ്ടി ഏലപ്പാറ സിഡിഎസ് മുൻകൈ എടുത്ത് CDS മെമ്പർമാരുടെ വാട്സ് ആപ്പ് ഗ്രൂപ് ഉണ്ടാക്കിയിരുന്നു. Covid 19നുമായി ബന്ധപ്പെട്ട് 17 വാർഡുകളിലും

സിഡിഎസ് മെമ്പർമാർ അഡ്മിൻ ആയ ഗ്രൂപ്പുകൾ രൂപികരിക്കുകയും ആ വാർഡിലെ എല്ലാ അയക്കൂട്ട പ്രസിഡന്റ്മാരെയും സെക്രട്ടറിമാരെയും ഉൾപെടുത്തുകയും ചെയ്തു. അതിന് ശേഷം ഓരോ അയൽകൂട്ടത്തിനും വാട്സ് ആപ് ഗ്രൂപ് രൂപീകരിച്ച് പരമാവതി എല്ലാ അംഗങ്ങളെയും അല്ലെങ്കിൽ അംഗം ഉൾപെടുന്ന കുടുംബത്തിലെ ഒരംഗത്തെ ഉൾപെടുത്തി വിവരങ്ങൾ കൈമാറി. ഇത് തെറ്റിദ്ധാരണ പരത്താതെ കൃത്യമായ അറിവുകൾ നൽകാൻ സാധിച്ചു.

**CMHLS ലോൺ സ്കീം**

കേരളത്തിൽ ലോക് ഡൗൺ പ്രഖ്യാപിച്ചത് മൂലം വരുമാനനഷ്ടം ഉണ്ടായ കുടുംബശ്രീ അംഗങ്ങൾക്ക് മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതിക്ക് മികച്ച പ്രതികരണമാണ് ലഭിച്ചത്. എലപ്പറ സിഡിഎസ് പരിധിയിലുള്ള 159 അയൽക്കൂട്ടങ്ങൾ ഈ വയ്പക്ക് അപേക്ഷിക്കുകയും 9695000 രൂപ അനുവദിക്കുകയും ചെയ്തു. 1939 അംഗങ്ങൾക്ക് ഈ വായ്പ പദ്ധതിയുടെ ഗുണം ലഭിക്കുന്നുണ്ട്. കൂടുതൽ കുടുംബശ്രീ അംഗങ്ങളും ദിവസ വേതനക്കാരായ ആളുകൾ ആയതുകൊണ്ട് തന്നെ ഈ വായ്പാ പദ്ധതി വളരെയധികം സഹായകരമായിരുന്നു. ലോണുകൾ എത്രയും വേഗം അംഗങ്ങളിൽ എത്തിക്കുവാൻ സിഡിഎസ് ഭരണസമിതി ദൈനം ദിന ഇടപെടലുകൾ നടത്തി കൊണ്ടിരിക്കുന്നു.

**ബ്രേക്ക് ദ ചെയിൻ കാമ്പയിൻ**

കോവിഡ് 19 എന്ന മാരക രോഗത്തെ പ്രതിരോധിക്കാൻ ഏറ്റവും നല്ല മാർഗം വ്യക്തി ശുചിത്വവും സാമൂഹിക അകലവുമാണ്. അതിനായി ബ്രേക്ക് ദ ചെയിൻ എന്ന ക്യാംപെയ്ൻ മികച്ച രീതിയിൽ നടപ്പിലാക്കിയിരുന്നു.സിഡിഎസ് ഓഫീസിൽ എത്തുന്ന ആളുകളോട് ഓഫീസിന് മുൻപിൽ സ്ഥാപിച്ച ബ്രേക്ക് ദ ചെയിൻ കൗണ്ടെറിന്റെ സേവനം പ്രയോജനപ്പെടുത്താൻ നിർദ്ദേശിക്കുകയും ഇത്തരം മാർഗ്ഗ നിർദ്ദേശങ്ങൾ വാട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ എല്ലാ അയൽകൂട്ട അംഗങ്ങൾക്ക് നൽകുകയും ബോധവത്കരണം നടത്തുകയും ചെയ്തു.



**മാസ്ക് നിർമാണം**

വരും കാലങ്ങളിൽ ഈ മഹാമാരിയെ പ്രതിരോധിക്കാൻ ഏറ്റവും പ്രധാനം മാസ്ക് ആണ്. പഞ്ചായത്തിലെ ആളുകൾക്ക് സൗജന്യമായി മാസ്ക് വിതരണം ചെയ്യാൻ പഞ്ചായത്ത് തീരുമാനിച്ചപ്പോൾ തന്നെ ഈ ധൗത്യം കുടുംബശ്രീ ഏറ്റെടുക്കുകയായിരുന്നു. ഏകദേശം 15000 ത്തോളം മസ്കുകളുടെ ഓർഡർ ആണ് സിഡിസിന് ലഭിച്ചത്. അതിൽ ഒന്നാം ഘട്ടം എന്ന നിലയിൽ 6000 മസ്കുകൾ പഞ്ചായത്തിന് കൈമാറി കഴിഞ്ഞു. ഇതിനായി ഏലപ്പാറ സിഡിഎസ് ഇൽ രജിസ്റ്റർ ചെയ്ത 3 സംരംഭക ഗ്രൂപ്പുകളിൽ നിന്നായി 15 അംഗങ്ങൾ ആണ് പ്രവർത്തിച്ചത്





കുടുംബശ്രീ നിർമിച്ച് നൽകിയ മാസ്കുകൾ പഞ്ചായത്ത് പ്രസിഡന്റ് സെക്രട്ടറി തുടങ്ങിയവർ ചെയർപേഴ്സനിൽ നിന്നും ഏറ്റുവാങ്ങുന്നു.

## അഗതി രഹിത കേരളം.

നിരാലംബരായ ആളുകൾക്ക് എല്ലാ മാസവും പോഷക ആഹാര കിറ്റ് അഗതി രഹിത കേരളം പദ്ധതി വഴി നൽകിയിരുന്നു. 256 ഗുണഭോക്താക്കളാണ് ഏലപ്പാറ സിഡിഎസ് ഇൽ ഉള്ളത്. ലോക് ഡൗൺ പ്രഖ്യാപിച്ചത് മൂലം വാഹന സൗകര്യം ഇല്ലാത്തതിനാൽ ഈ ഗുണഭോക്താക്കൾക്ക് സമയ ബന്ധിതമായി കിറ്റ് വാങ്ങുന്നത് ഒരു വെല്ലുവിളിയായിരുന്നു. അതിനാൽ ഓരോ പ്രദേശത്തെക്ക് ഉള്ള ഭക്ഷ്യ വസ്തുക്കൾ അതത് സ്ഥലത്ത് എത്തിച്ചു നൽകിയ പ്രവർത്തനം പ്രശംസനീയമാണ്.ഇത്തരത്തിൽ ലോക്ഡൗൺ തുടരുന്ന സാഹചര്യത്തിൽ ഈ പ്രവർത്തനം തുടരാൻ ആണ് സിഡ്സ് ന്റെ തീരുമാനം



അഗതി രഹിത കേരളം ഗുണഭോക്താക്കൾക്ക് പോഷകാഹാര കിറ്റ് വീടുകളിൽ എത്തിച്ച് കൊടുക്കുന്നു.

## DFK ELDERLY CARE

ഈ ലോക് ഡൗൺ കാലത്ത് ഏറ്റവും കൂടുതൽ ശ്രദ്ധ വേണ്ട വിഭാഗമായിരുന്നു അഗതി കുടുംബങ്ങളിലെ 60 വയസിന് മുകളിൽ പ്രായമുള്ള വയോജനങ്ങൾ. ഇവർക്ക് വളരെ വേഗം രോഗം പിടിപെടാൻ ഉള്ള സാധ്യത കൂടുതൽ ആണ്. അതുകൊണ്ട് തന്നെ സ്റ്റേറ്റ് മിഷൻന്റെ നിർദേശ പ്രകാരം അഗതി കുടുംബങ്ങളിലെ വയോജനങ്ങളെ ഫോണിൽ ബന്ധപ്പെട്ട് അവരുടെ ആരോഗ്യ സ്ഥിതി, ഭക്ഷ്യ ലഭ്യത, മരുന്നുകളുടെ ലഭ്യത , ഏതെങ്കിലും തരത്തിലുള്ള രോഗ ലക്ഷണങ്ങൾ ഇല്ല എന്ന് ഉറപ്പ് വരുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിയിരുന്നു. ഇത്തരത്തിൽ

ഇരുന്നൂറോളം ആളുകളെ നാല് തവണ ഫോണിൽ ബന്ധപ്പെടുകയും ഭക്ഷണം ആവശ്യമായ ഇരുപത്തി അഞ്ച് ആളുകൾക്ക് സമൂഹ അടുക്കള വഴി ഭക്ഷണം ലഭ്യമാക്കുകയും ചെയ്തു. മരുന്ന് ആവശ്യമായ പത്ത് ആളുകൾക്ക് PHC വഴി മരുന്നും ലഭ്യമാക്കി.

**ബാല സഭ**

ലോക് ഡൗൺ മൂലം ബുദ്ധിമുട്ട് അനുഭവപ്പെട്ട ഒരു വിഭാഗമായിരുന്നു കുട്ടികൾ. ജൂനിയർ അരങ്ങ് കലാമത്സരങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കാൻ ലഭിച്ച നിർദ്ദേശം താഴെ തട്ടിലേക്ക് നൽകിയിരുന്നെങ്കിലും പ്രതികരണം മോശമായിരുന്നു. എന്നിരുന്നാലും സിഡിഎസ് നും സിഡിഎസ് മെമ്പർമാർക്കും ആവുംവിധം കുട്ടികളെ ബോധാൽക്കരണം നടത്തുവാനും ലോക് ഡൗൺ മൂലമുള്ള സമ്മർദ്ദത്തിൽ നിന്ന് മുക്തി നേടാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിരുന്നു. അതോടൊപ്പം കുടുംബശ്രീ അംഗങ്ങൾക്കും ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു.

**പൊതുവിതരണം**

സർക്കാർ പ്രഖ്യാപിച്ച സൗജന്യ ഭക്ഷ്യ കിറ്റ് പായ്ക്ക് ചെയ്യുന്നതിനായി കുടുംബശ്രീ അംഗങ്ങളുടെ സേവനം വലുതായിരുന്നു. ഈ പ്രവർത്തനങ്ങൾ നടന്ന എല്ലാ ദിവസവും പതിനഞ്ചോളം കുടുംബശ്രീ അംഗങ്ങൾ ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നു.

**ടൂൾ കിറ്റ് വിതരണം**

എംകെഎസ്പി പദ്ധതിയുടെ ഭാഗമായി 192 അയൽക്കൂട്ട അംഗങ്ങൾക്ക് യഥാക്രമം 250 രൂപ 600 രൂപ നിരക്കിലുള്ള VFPCK ടൂൾ കിറ്റ് നൽകുവാനുള്ള പ്രവർത്തനങ്ങൾ നടന്ന വരികയാണ് ഭക്ഷ്യ സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തിലേക്ക് ഒരു പടി കൂടി അടുക്കാൻ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കൊണ്ട് സാധിക്കും..

**അടുക്കള തോട്ടം ചലഞ്ച്**.

പച്ചക്കറി കൃഷിയിൽ ഓരോ വീടും സ്വയം പര്യാപ്തമാക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് ഓരോ കുടുംബശ്രീ അംഗങ്ങളും അവരവരുടെ വീടുകളിൽ അടുക്കള തോട്ടം തയ്യാറാക്കി പരിപാലിക്കുന്ന പ്രവർത്തനം നടത്താൻ ഉള്ള

നിർദ്ദേശം നൽകിയിരുന്നു. ഈ പ്രവർത്തനങ്ങളിലേക്ക് കൂടുതൽ കുടുംബശ്രീ അംഗങ്ങളെ ചേർക്കുന്നതിനുള്ള ക്രമീകരണങ്ങൾ  സിഡിഎസ് തലത്തിലും ADS തലത്തിലും നടന്നു വരുന്നു. കൂടുതൽ കുടുംബശ്രീ അംഗങ്ങളും എസ്റ്റേറ്റ് മേഖലയിൽ ലയങ്ങളിലും മറ്റും താസിക്കുന്നതിനാൽ സ്ഥലപരിമിതി ഒരു പ്രധാന  വെല്ലുവിളിയാണ്  മേൽ സൂചിപ്പിച്ച VFPCK ടൂൾ കിറ്റ് വിതരണത്തിന് ശേഷം കൂടുതൽ ആളുകൾ അടുക്കള തോട്ടം തയ്യാറാക്കുന്ന പ്രവർത്തനങ്ങളിലേക്ക് വരും എന്നത് നിശ്ചയമാണ്.

**ആരോഗ്യം**

വാർഡുതല ക്ലീനിംഗ് പ്രവർത്തനങ്ങൾ നടത്തിയപ്പോൾ അതത് വാർഡുകളിലെ സിഡിഎസ് മെമ്പർമാർ എ ഡി എസ് അംഗങ്ങൾ മറ്റ് കുടുംബശ്രീ അംഗങ്ങൾ ക്രിയാത്മകമായി പങ്കെടുത്തു.കൂടാതെ ഏലപ്പാറ ഹോട്ട്സ്പോട്ട് ആയി പ്രഖ്യാപിച്ചപ്പോൾ ആരോഗ്യ വകുപ്പ് നൽകിയ നിർദ്ദേശങ്ങൾ താമസം കൂടാതെ താഴെ തട്ടിലുള്ള ആളുകളിൽ എത്തിക്കാൻ കുടുംബശ്രീയുടെ വാട്സ് ആപ് ഗ്രൂപ്പുകൾ വഴി സാധിച്ചു.

**ഭാവി പരിപാടികൾ**

. Covid 19 ഒരു യാഥാർത്ഥ്യമായി അംഗീകരിച്ച് കൊണ്ട് വരുംകാലങ്ങളിൽ അതിന് അനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യുന്നത്. കുട്ടികളിലും മുതിർന്നവരിലും വ്യക്തി ശുചിത്വവും പരിസര ശുചിത്വവും വർദ്ധിപ്പിക്കുവാൻ ആവശ്യമായ ബോധവത്കരണം ,സംരംഭകർക്ക് ആവശ്യമായ പിന്തുണ , പ്രൊഫഷനൽ രീതിയിലുള്ള മാസ്ക് നിർമാണം , സാനി ട്ടൈസർ നിർമാണം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക എന്നിവ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

അതോടൊപ്പം ഭക്ഷ്യ സ്വയം പര്യാപ്തമാക്കാൻ എല്ലാ കുടുംബശ്രീ അംഗങ്ങളുടെ വീട്ടിലും അടുക്കള തോട്ടവും വാർഡ് അടിസ്ഥാനത്തിൽ തരിശു നിലങ്ങൾ കണ്ടെത്തി JLG കളുടെ നേതൃത്വത്തിൽ സാധ്യമായ കൃഷികൾ ആരംഭിക്കുക മൃഗ പരിപാലനം ,തദ്ദേശീയമായി വരുമാനം വർധിപ്പിക്കുന്ന

പ്രവർത്തനങ്ങൾ കൂടുതലായി നടപ്പിലാക്കാനും സിഡിഎസ് ലക്ഷ്യമിടുന്നു.

**ഉപസംഹാരം**

കേരളത്തിന്റെ സ്ത്രീ സാമൂഹിക ,സാമ്പത്തിക വികസന രംഗങ്ങളിൽ കഴിഞ്ഞ 22 രണ്ട് വർഷമായി പ്രവർത്തിക്കുന്ന കുടുംബശ്രീ ,കേരളം നേരിടുന്ന , പ്രളയവും കൊറോണയും തൊഴില്ല്ലയ്മയും പോലുള്ള എല്ലാ വെല്ലുവിളികളും അതത് സർക്കാരുകളോടൊപ്പം ചേർന്ന് നിന്ന് കൊണ്ട് പൊരുതുകയാണ്. തോൽക്കാൻ മനസില്ലത്ത ഒരു കൂട്ടം സ്ത്രീകളുടെ പിന്തുണയോടെ. കുടുംബശ്രീയുടെ സംഘടന സംവിധാനത്തെ ഫലപ്രദമായി ഉപയോഗിച്ചു കൊണ്ട് ഏറ്റവും സാധാരണക്കാരായ വനിതകൾക്ക് ഈ കോവിഡ് കാലത്തും തങ്ങളാൽ ആകും വിധം സർക്കാരിനെയും ജനങ്ങളെയും സേവിക്കുവാനും ഈ പോരാട്ടത്തിൽ ഓരോ കുടുംബശ്രീ അംഗങ്ങൾക്ക് പങ്കാളികളാകാൻ സാധിച്ചു എന്നതിന് ഏലപ്പാറ സിഡിഎസ് ഒരു തെളിവാണ്.

**അവലംബം.**

**സിഡിഎസ് ചെയർപേഴ്സൺ , ബ്ലോക് കോർഡിനേറ്റർമാർ , അക്കൗണ്ടന്റ് തുടങ്ങിയവരുമായുള്ള ചർച്ച**

**ഏലപ്പാറ സിഡിഎസ് ചെയർപേഴ്സൺ**

ശ്രീമതി റഷീദ റഷീദ്

9656006053

**ലേഖനം തയ്യാറാക്കിയത്**

ശ്രി.ജോസഫ് എംസി

ബ്ലോക് കോർഡിനേറ്റർ

അഴുത ബ്ളോക്ക്

9744512496